ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കേന്ദ്രഗവൺമെന്റിൽ ഈ സഭയുടെ വികാരങ്ങൾ അറിയിക്കുന്നതിൽ എന്താണ് അപകടം? ഭരണഘടന ഭേദഗതി ചെയ്യണമെങ്കിൽ ചെയ്യണം.

ശ്രീ. പി.കെ. വാസുദേവൻനായർ: സംസ്ഥാനഗവൺമെന്റ് അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് പറയുന്നത്; രണ്ടുകൂട്ടർക്കും ഒരുപോലെയുള്ള ആനുകൂല്യങ്ങൾ നൽകാൻ. ഇപ്പോൾ അതിനു നമുക്കു കഴിയുകയില്ല. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കുന്നതിനു നിവൃത്തിയില്ല.

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പ്രസ്സു ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്കു കൊടുക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചു പറഞ്ഞു. അതുപോലെതന്നെ സംസ്ഥാന ഗവൺമെൻറിന്റെ ഈ വിഭാഗത്തോടുള്ള സമീപനം എന്താണെന്ന് അദ്ദേഹം വളരെ വിശദമായി പറയുകയുണ്ടായി. കൂടുതൽ കാര്യങ്ങൾ ചെയ്യത്തക്കവിധത്തിൽ ശുപാർശകൾ ചെയ്യുന്നതടക്കമുള്ള കാര്യങ്ങൾ ചെയ്യാമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ പ്രമേയം പ്രസ്സു ചെയ്യുന്നില്ല.

The amendment moved by Shri M. K. Kesavan, was by leave, withdrawn.

The amendment moved by Shri N. Bhaskaran Nair was by leave, withdrawn.

The amendment moved by Shri P.J. Joseph was by leave, withdrawn.

The amendment moved by Shri Vakkom Purushothaman was by leave withdrawn.

The amendment moved by Shri K.P. Raman was by leave, withdrawn.

The amendment moved by Shri M.K. Krishnan was by leave, withdrawn.

The Resolution moved by Shri T.M. Jacob was by leave, withdrawn.

(Shri-Vakkom Purushothaman in the Chair)

പ്രമേയം നമ്പർ (2)

മലയോരപ്രദേശത്തു ഭൂമികൈവശം വച്ചുകൊണ്ടിരിക്കുന്നവർക്ക് ഭൂമിയുടെ പട്ടയം ലഭിക്കാത്തതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട്

ഡോ. കെ.സി. ജോസഫ്: എന്റെ പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

'കേരളത്തിലെ മലയോരപ്രദേശങ്ങളിൽ വർഷങ്ങളായി ഭൂമി കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്ന അനേകം കൃഷിക്കാർക്ക് പട്ടയം ലഭിക്കാത്തതുമൂലം സഹകരണബാങ്കുകളിൽനിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നും പണം കടം എടുക്കുന്നതിനു സാധിക്കാതെ വന്നിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം കണക്കിലെടുത്ത്. പട്ടയം ലഭിക്കുവാൻ അർഹതയുള്ള എല്ലാ കൃഷിക്കാർക്കും പട്ടയം നൽകുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് ശുപാർശ ചെയ്യുന്നു'.

കേരളത്തിലെ മലയോരപ്രദേശങ്ങളിലെ കൃഷിക്കാരുടെ കൈവശ ഭൂമിക്കു പട്ടയം നൽകണമെന്നുള്ളതാണ് എന്റെ പ്രമേയത്തിൽ ഞാൻ സൂചിപ്പിക്കുന്നത്. സർ, കഴിഞ്ഞകാലങ്ങളിൽ സംസ്ഥാന ഗവൺമെൻറ് കൈവശക്കുടിയാൻമാർക്കു പട്ടയം നൽകാൻവേണ്ടി സ്വീകരിച്ച നടപടികളിൽ ഞാൻ ഗവൺമെൻറിനെ അനുമോദിക്കുകയാണ്. എന്നാൽ ഇനിയും പതിനായിരക്കണക്കിനു കർഷക കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിൽ അവകാശം ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇത്തരം ആളുകൾക്കു പട്ടയങ്ങൾ ലഭിക്കാത്തതുമൂലം അവരുടെ കൈവശഭൂമിയിൽ കൃഷിയിറക്കാനുള്ള സാമ്പത്തികസഹായം തേടാൻ ഇത്തരം കൃഷിക്കാർക്ക് കഴിയുന്നില്ല. ബാങ്കുകളിൽനിന്നുമാത്രമല്ല, സഹകരണസ്ഥാപനങ്ങളിൽ നിന്നുപോലും ഇത്തരം ആളുകൾക്കു കൈവശം തെളിയിക്കുവാനുള്ള രേഖയില്ലാത്തതുകൊണ്ട്, സ്ഥിരാവകാശം തെളിയിക്കുവാൻ കഴിയാത്തതുകൊണ്ട് ധനസഹായം ലഭിക്കുവാൻ സാധിക്കുന്നില്ല. ഗവൺമെൻറ് കാർഷികവികസനത്തിനുവേണ്ടി അനേകം പരിപാടികൾക്കു രൂപം കൊടുത്തിട്ടുണ്ട്. ഈ ഇൻറർക്രോപ്പ് പോലെയുള്ള കാർഷികവികസന പരിപാടി നടപ്പിലാക്കാൻ കർഷകർക്കു സാമ്പത്തികസഹായം തേടാൻ അവരുടെ ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കണം. മലയോരപ്രദേശങ്ങളിൽ അതിനുള്ള സാഹചര്യം നിലവിലില്ലാത്തതുകൊണ്ട് എത്രയുംവേഗം ഇനിയും പട്ടയം ലഭിക്കാത്ത കർഷകർക്കുകൂടി പട്ടയം നൽകണമെന്നാണ് എന്റെ ആവശ്യം. ഇന്നു പലർക്കും കൊടുക്കുന്ന പട്ടയം, പ്രത്യേകിച്ചും മലബാറിൽ കൊടുക്കുന്ന പട്ടയം സ്ഥിരം പട്ടയമല്ല. ക്രയസർട്ടിഫിക്കറ്റ് എന്ന നിലയിൽ ആദ്യം കൊടുക്കുന്ന പട്ടയമാണ്. അതിൽ അൺസർവ്വേയ്ഡ് എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അങ്ങനെ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റുള്ളവരിൽനിന്നുപോലും ഇന്നു സർവ്വേ ചാർജ്ജ് ഈടാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ക്രയസർട്ടിഫിക്കറ്റ് ഉള്ളവർക്ക് പട്ടയമാണെന്നു പേരു പറയാമെങ്കിലും അവർക്ക് അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ധനകാര്യസ്ഥാപനങ്ങളിൽ ഈ ക്രയസർട്ടിഫിക്കറ്റു കൊടുത്താൽ അവരുടെ വസ്തുവിനു തുല്യമായ ഈടിൻമേൽ വായ്പ കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് പലർക്കും ഇത്തരത്തിലുള്ള സഹായം തേടാൻ കഴിയുന്നില്ല. ശ്രീ. എം.വി. രാജൻ കഴിഞ്ഞപ്രമേയത്തിൻമേൽ സംസാരിച്ചപ്പോൾ പറഞ്ഞ ഒരു കാര്യമുണ്ട്. അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ ഈ ഭൂപരിഷ്കരണത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുവാനായി ഗവൺമെൻറു കൊടുത്ത നിർദ്ദേശപ്രകാരം ലാൻഡ് ട്രൈബ്യൂണലുകൾ അവരുടെ കേസുകൾ തീർക്കാൻ ഒരു ടാർജറ്റു നിശ്ചയിക്കുകയുണ്ടായി. ആ അവസരത്തിൽ ലാൻഡ് ട്രൈബ്യൂണലുകൾ ആ കേസുകൾ എത്രയും വേഗം തീർക്കാൻവേണ്ടി കൂടുതൽ പരിശോധനകളൊന്നും കൂടാതെതന്നെ പതിനായിരക്കണക്കിന് കേസുകൾ തള്ളിക്കളയുകയുണ്ടായി. തക്കകാരണങ്ങൾ കാണിക്കാതെ റിജക്ടഡ് എന്നു മാത്രം എഴുതിക്കൊണ്ട് പതിനായിരക്കണക്കിന് അപേക്ഷകൾ തള്ളിക്കളഞ്ഞു. ഒരുദാഹരണം പറയാൻ ഞാനാഗ്രഹിക്കുന്നു. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്

LIBRARY ARCHIVES Kerala Legislative Assembly

ലാൻഡ് ബോർഡ് നമ്പർ 1.ൽ 4825 അപേക്ഷകൾ യാതൊരു കാരണവുമില്ലാതെ തള്ളിക്കളഞ്ഞു. അങ്ങനെ കേരളത്തിലൊട്ടാകെ അമ്പതിനായിരത്തിനുമേൽ അപേക്ഷകൾ യാതൊരു കാരണവുമില്ലാതെ തള്ളിക്കളയുകയുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ 1970-ലെ കെ.എൽ.ആർ. ആക്ടിനു മുൻപു തന്നെ കൈവശമിരുന്ന ഈ ഭൂമിയുടെ യാതൊരു രേഖയും പരിശോധിക്കാതെ തള്ളപ്പെട്ട ഈ കേസുകൾ പുനരവലോകനം ചെയ്യണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. ഇന്നു ഗവൺമെൻറ് ലാൻഡ് ട്രിബ്യൂണലുകൾ നിർത്തലാക്കാനുള്ള നടപടിയുമായി മുന്നോട്ടു വന്നിരിക്കുകയാണ്. കേസുകൾ ഇല്ലെന്നാണ് ഗവൺമെൻറു പറയുന്നത്. അതു ശരിയല്ല. ഇത്തരം കേസുകൾ വേണ്ടത്ര ആലോചനകൂടാതെ തള്ളപ്പെട്ട കേസുകൾ റിവ്യൂ ചെയ്യാൻ ലാൻഡ് ട്രിബ്യൂണലുകൾക്ക് അധികാരം നൽകണം. കൃഷിക്കാർക്കു തള്ളപ്പെട്ട കേസുകളിൽ അവകാശം തെളിയിക്കുവാൻ വീണ്ടും കേസുകൾ കൊടുക്കാൻ നിവൃത്തിയില്ല. ഇത്തരം കേസുകളിൽ ലാൻഡ് ട്രിബ്യൂണലുകൾതന്നെ ഇത്തരം കേസുകൾ ഏറ്റെടുത്തുകൊണ്ട് റിവ്യൂ ചെയ്തുകൊണ്ട് അർഹരായ ആളുകൾക്കു പട്ടയം നൽകണം. അതുപോലെതന്നെ പ്രിലിമിനറിയായി കൊടുത്തിരിക്കുന്ന പട്ടയങ്ങൾകൊണ്ടു കൃഷിക്കാർക്കു വേണ്ടത്ര ഗുണം ലഭിക്കുന്നില്ലെന്നുള്ളതുകൊണ്ട് സർവ്വേയ്ഡ് ആയ സ്ഥിരം പട്ടയം ഏറ്റവും വേഗം നൽകാനും ഗവൺമെൻറ് ശ്രദ്ധിക്കണം. ഇതു കൃഷിക്കാർ വിലകൊടുത്തു വാങ്ങിയ ഭൂമിയുടെ കാര്യമാണെങ്കിൽ പല സ്ഥലങ്ങളിലും ഗവൺമെൻറ് ഇറിഗേഷൻ പ്രോജക്ടിനും മറ്റും അക്വയർ ചെയ്ത സ്ഥലങ്ങളിലുള്ളവർക്കു പകരമായി ഭൂമി നൽകിയിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ പട്ടയം കൊടുക്കുന്നില്ല. പെരുവണ്ണാമുഴി ഇറിഗേഷൻ പ്രോജക്ടിനെടുത്ത സ്ഥലത്തിനു പകരം ഗവൺമെൻറു ഏതാനും കുടുംബങ്ങൾക്കു സ്ഥലം കൊടുക്കുകയുണ്ടായി. അവർക്കുപോലും ഇന്നു ഇറിഗേഷൻ പ്രോജക്ടിൻെറ നിർമ്മാണം കഴിഞ്ഞ് പ്രവൃത്തിപഥത്തിലെത്തിയതിനുശേഷംപോലും ഇന്നും പട്ടയം കിട്ടിയിട്ടില്ലെന്നുള്ളത് ഖേദകരമായ വസ്തുതയാണ്. അവർക്കു സ്ഥിരമായ ഭവനനിർമ്മാണം നടത്താനോ നല്ല വസതികൾ കെട്ടി താമസിക്കുവാനോ സാമ്പത്തികസഹായം തേടാനോ കഴിയുന്നില്ല. ഇത്തരം അപാകതകൾ നിരവധി ചൂണ്ടിക്കാണിക്കുവാനുണ്ട്. ഗവൺമെൻറിന് ഈ കൃഷിക്കാർക്കു പട്ടയം നൽകി സഹായിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും ആ സദുദ്ദേശത്തെ ചോദ്യം ചെയ്യുന്ന രീതിയിൽ പല ഉദ്യോഗസ്ഥൻമാരും പെരുമാറുന്നു എന്നുള്ളതാണ് വസ്തുത. സർ, പട്ടയം നൽകാൻവേണ്ടി പലരും അനർഹമായ കൈക്കൂലി ആവശ്യപ്പെടുകയും കൃഷിക്കാരെ ഹരാസ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഉദ്യോഗസ്ഥൻമാർ ഗവൺമെൻറിൻെറ നിർദ്ദേശത്തെ മറികടന്നുകൊണ്ട് പല കാരണങ്ങളും കെട്ടിച്ചമച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഈ ഉദ്യോഗസ്ഥൻമാർക്ക് എത്രയും വേഗം കൈവശമിരിക്കുന്ന യഥാർത്ഥ കൃഷിക്കാരുടെ രേഖകൾ പരിശോധിച്ച് പട്ടയം നൽകാനായി നിർദ്ദേശം കൊടുക്കേണ്ടതാണ്. സർ, മറെറാന്നുള്ളത് പട്ടയം കൊടുത്തിട്ടുള്ള ആളുകൾക്കുതന്നെ മറ്റു ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരിൽനിന്നും നേരിടേണ്ടിവരുന്ന വിഷമതകളാണ്. റവന്യൂ ഡിപ്പാർട്ടുമെൻറ് ഗവൺമെൻറിൽ നിക്ഷിപ്തമായ ജൻമിയുടെ അധികാരത്തിൻെറ അടിസ്ഥാനത്തിൽ പലർക്കും ക്രയസർട്ടിഫിക്കറുകളും പട്ടയങ്ങളും നൽകുകയുണ്ടായി. എന്നാൽ ഇത്തരം ഭൂമികളിൽ ഫോറസ്റ്റുദ്യോഗസ്ഥൻമാർ ജെണ്ടയിട്ടുകൊണ്ട് പട്ടയം കാണിച്ചാൽപോലും വകവയ്ക്കാതെ തിരിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ചെയ്യാനുള്ള അവകാശം നിഷേധിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഈ പട്ടയം നൽകുന്നതിൽ എന്താണു പ്രസക്തി ? റവന്യൂ ഡിപ്പാർട്ടുമെന്റ് വേണ്ടത്ര അന്വേഷണത്തിനു ശേഷം നൽകുന്ന പട്ടയത്തിനു യാതൊരു സാധുതയുമില്ലെന്നു മറ്റു ഡിപ്പാർട്ടുമെന്റുകളും അംഗീകരിക്കുകയാണ് ഇതുകൊണ്ടുവരുന്നത്. ഇതു കൃഷിക്കാരിൽ ആശങ്ക ഉളവാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകളും നീക്കം ചെയ്യാൻ ഗവൺമെന്റു ശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് ഞാൻ പ്രധാനമായും ഗവൺമെന്റിന്റെ മുന്നിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന കാര്യം, ഒന്ന് പട്ടയം കിട്ടാൻ അർഹതയുള്ള എല്ലാ കൃഷിക്കാർക്കും എത്രയും വേഗം പട്ടയം നൽകണം. പ്രിലിമിനറിയായി നൽകിയ ക്രയസർട്ടിഫിക്കറ്റുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നതിന്റെ അടിസ്ഥാനത്തിൽ അതു സ്ഥിരം പട്ടയമാക്കി മാറ്റാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. ഇത്തരം സർട്ടിഫിക്കറ്റുകളും, പട്ടയം ഇവ നേടിയ കൃഷിക്കാർക്കു മറ്റു ഡിപ്പാർട്ടുമെന്റുകളിൽനിന്നുണ്ടാകുന്ന ഉപദ്രവം അവസാനിപ്പിക്കണം. ഇത്തരം ഭൂമിയിൽ ജെണ്ടയിടുന്ന നടപടി അവസാനിപ്പിക്കണം. അതുപോലെതന്നെ ലാൻഡ് ട്രിബ്യൂണലുകളും തള്ളിക്കളയുന്ന പതിനായിരക്കണക്കിനപേക്ഷകളും റിവ്യൂ ചെയ്യാൻവേണ്ട നടപടികളും സ്വീകരിക്കണം. ഇക്കാര്യങ്ങളും ഗവൺമെന്റു പരിഗണിക്കുകയും എന്റെ പ്രമേയം അംഗീകരിക്കുകയും ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. തോമസ് ജോസഫ്: സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഇത് സങ്കീർണ്ണമായ പ്രശ്നമാണ്. ഇത് പാവപ്പെട്ട സാധാരണക്കാരനായ കർഷകന്റെ പ്രശ്നമാണ്. 1971-ൽ 40 രൂപ തറവില കൊടുക്കേണ്ടിയിരുന്നു. അന്നൊക്കെ ചില സാമ്പത്തിക സ്ഥിതി ഉണ്ടായിരുന്ന കൃഷിക്കാർ പണം അടച്ച് പട്ടയം വാങ്ങിച്ചു. എന്നാൽ അന്ന് മലഞ്ചരിവുകളിൽ ആദായമില്ലാതെ കിടന്ന തുണ്ടു തുണ്ടു കൊച്ചുഭൂമിയിലെ കർഷകർ സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുമൂലം അവർക്കു പട്ടയം വാങ്ങാൻ സാധിച്ചിരുന്നില്ല. അവർ വാസ്തവത്തിൽ കഷ്ടപ്പെടുന്നു. സാധാരണക്കാരനായ പാവപ്പെട്ട കർഷകരുടെ പട്ടയമാണ് കിട്ടാതിരിക്കുന്നത്. മലയോരപ്രദേശം പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ പല പ്രദേശങ്ങളിലും ഒരു ഏക്കറിനും രണ്ടേക്കറിനും താഴെ ഭൂമിയുള്ള പാവപ്പെട്ട കൃഷിക്കാർക്കാണ് പട്ടയം കിട്ടാതിരിക്കുന്നത്. മലഞ്ചരുവിലെ കർഷകർക്ക് പട്ടയം കിട്ടാതിരിക്കുന്നതുമൂലം സഹകരണ ബാങ്കുകളിൽ നിന്നുപോലും ലോൺ എടുക്കാൻ സാധിക്കുന്നില്ല. മലഞ്ചരുവുകളിൽ നിന്ന് മണ്ണൊലിച്ച് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇവിടെ സോയിൽ കൺസർവേഷൻ നടപടികളും എടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് കൃഷിക്കാർക്ക് ഫലപുഷ്ടിയില്ലാത്ത ഭൂമിയാണെങ്കിൽപോലും ഉള്ള ഭൂമിയിൽനിന്ന് കാർഷിക വിഭവങ്ങൾ ഉണ്ടാക്കാനും സോയിൽ കൺസർവേഷൻ നടപടി സ്വീകരിക്കാനും ഇന്ന് സാഹചര്യമില്ല. അതുപോലെതന്നെ പദ്ധതി പ്രദേശത്തുനിന്നു കുടിയിറക്കപ്പെട്ട കൃഷിക്കാർക്കു കുടിയേറിയ സ്ഥലത്തിനും പട്ടയം ലഭിച്ചില്ല. ചില പ്രദേശങ്ങളിൽ പട്ടയം കൊടുക്കരുതെന്നുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളിൽ താരിപ്പ് വില അടയ്ക്കാതെ പട്ടയം കൊടുക്കരുതെന്ന് നിർദ്ദേശമുണ്ട്. പ്രത്യേകിച്ച് വാഴവട്ടം, കട്ടപ്പന പ്രദേശങ്ങളിൽ കട്ടപ്പന കോ-ഓപ്പറേറ്റീവ് ബാങ്ക് സ്ഥലം പട്ടയം കിട്ടാത്തതാണ്. താരിപ്പുവില അടച്ചാൽ മാത്രമേ ലഭിക്കുകയുള്ളു എന്നുള്ള നിർദ്ദേശമാണുള്ളത്. അങ്ങനെയുള്ള പ്രദേശങ്ങളിൽ താരിപ്പുവില അടയ്ക്കാതെ പട്ടയം കൊടുക്കാനുള്ള നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിൽനിന്ന് ഉണ്ടാകുമെന്നു പ്രതീക്ഷിക്കുകയാണ്. ഈ പ്രശ്നം പറയപ്പെട്ട കൃഷിക്കാരന്റെ പ്രശ്നമെന്ന നിലയിൽ പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് ഉടനടി പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. ചെയർമാൻ: മറ്റുള്ള ഭേദഗതികളും ഉണ്ട്. ഒരു മിനിറ്റു പോലും എടുക്കാൻ സമയമില്ല. അതുകൊണ്ട് ഓരോ കക്ഷിയിൽനിന്നും ഓരോരുത്തർ സംസാരിക്കുന്നതായിരിക്കും നല്ലത്.

ശ്രീ. ഇ. കെ. പിള്ള: സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ആറാമത്തെ വരി തുടക്കത്തിൽ ''എടുക്കുന്നതിനും'' എന്ന് മാറ്റുകയും തുടർന്ന് ''സ്ഥിരഭോഗാവകാശം ചെയ്തു വീടു വച്ച് താമസിക്കുന്നതിനും'' എന്നുകൂടി ചേർക്കുകയും ചെയ്യണം.

ഞാൻ അടുത്ത കാലത്ത് കോട്ടയം, ഇടുക്കി ജില്ലകളിൽ സഞ്ചരിച്ച അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഇത് പറയുന്നത്. ഏരുമേലിയിൽ ഒരു വില്ലേജിൽ മാത്രം പതിനായിരം കൃഷിക്കാർക്ക് പട്ടയം കിട്ടാനുണ്ടെന്നാണ് എനിക്കു കിട്ടിയ റിപ്പോർട്ട്. കോട്ടയം, ഇടുക്കി പ്രദേശങ്ങളിൽ പതിനായിരക്കണക്കിനു കൃഷിക്കാർ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഇന്ന് ഈ സഭയുടെ മുന്നിൽ പ്രമേയമായി അവതരിപ്പിച്ചിരിക്കുന്നത്. പ്രമേയാവതാരകൻ വായ്പ കിട്ടാത്ത കാര്യത്തെപ്പറ്റി മാത്രമാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പക്ഷേ അത് മാത്രമല്ല പ്രശ്നം. വായ്പ കിട്ടാത്തത് അവരുടെ ഒരു പ്രശ്നമാണ്. മലയോര കൃഷിക്കാർക്ക് പട്ടയം കിട്ടാത്തതുകൊണ്ട്, ഭൂമിയിൽ സ്ഥിരതയില്ലാത്തതുകൊണ്ട് വിലപിടിപ്പുള്ള ഭോഗാവകാശം വച്ചുപിടിപ്പിക്കാൻ സാദ്ധ്യമല്ല. നല്ലൊരു വീടുണ്ടാക്കാൻ പോലും അവർക്കു സാദ്ധ്യമല്ല. പട്ടയം കിട്ടാൻ താമസിക്കുംതോറും കൊടുക്കേണ്ട പിഴ വർദ്ധിച്ചു വരുന്നു. തറവിലയും തടിവിലയും വർദ്ധിക്കുന്നു. അവർ അടയ്ക്കേണ്ടിവരുന്ന തുകയും വർദ്ധിക്കുന്നു. ഇതിന്റെ നല്ല ഒരു ഭാഗം ഷെഡ്യൂൾഡ് കാസ്റ്റിൽപ്പെട്ട സാധാരണക്കാരായ പാവങ്ങളാണ്. അവർക്ക് ഈ പണം കെട്ടിവച്ച് ഇത് വാങ്ങിക്കാൻ സാദ്ധ്യമല്ല. ഇന്ന് കൈവശം വച്ചിട്ടുള്ള ഭൂമിയിൽനിന്ന് ഒരു മരം പോലും മുറിച്ചുകൊണ്ടുപോകാനുള്ള അവകാശം നിഷേധിക്കുന്നു. അതിന് അവർക്ക് പാസ് കൊടുക്കുന്നില്ല. അതിൽനിന്നുള്ള തടിവിറ്റ് പട്ടയത്തിനുള്ള തുക അടക്കാമെന്നുള്ളതാണ് അവരുടെ വിശ്വാസം. പക്ഷേ അത് മുറിച്ചെടുക്കാൻ അവർക്കു കഴിയുന്നില്ല. ഇതാണ് സ്ഥിതി. മണ്ണൊലിപ്പു നിയന്ത്രണ പദ്ധതികൊണ്ട് ഗവൺമെന്റിന്റെ സഹായം ഉപയോഗിച്ചുകൊണ്ടുള്ള ആസ്കീം ചെയ്യാനും അവർക്കു കഴിയുന്നില്ല. വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് നല്ല വീടുവച്ച് താമസിക്കാൻ കഴിയുന്നില്ല. ഏതെങ്കിലും സഹചര്യത്തിൽ ഗവൺമെന്റിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഒഴിവാക്കപ്പെടുമെന്ന ഭീഷണി എപ്പോഴും അവിടെ നിലവിലുണ്ട്. അങ്ങനെ നിർഭാഗ്യവശാൽ ഒഴിപ്പിക്കപ്പെട്ടാൽ കാമ്പൻസേഷനെന്നുള്ളത് വെറും നാമമാത്രമാണ്. അതുകൊണ്ട് 10—15 വർഷമായി കുടിയേറി താമസിച്ച് നാട്ടിൻപുറത്തുള്ള 5—10 സെന്റ് വിറ്റ് അവരുടെ കുടുംബത്തെ പുലർത്താമെന്ന് വിചാരിച്ച് കുടിൽ കെട്ടി താമസിച്ചു ഭോഗാവകാശം ചെയ്ത് അതിൽനിന്നുള്ള വിളവ് എടുത്തു ജീവിക്കുന്ന പതിനായിരക്കണക്കിനു കർഷകരെ വഴിയാധാരമാക്കാൻ ഇട

LIBRARY ARCHIVES Kerala Legislative Assembly

യാക്കും പട്ടയം കൊടുക്കുവാൻ താമസിക്കുകയാണെങ്കിൽ എന്നുള്ളതു കൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നത്. ഈ ഗവൺമെൻറ് പട്ടയം കൊടുക്കാൻ എടുക്കുന്ന നടപടികളും ഒട്ടും കുറച്ചുകാണുന്നില്ല. പക്ഷെ ഈ നടപടി കുറെകൂടി ത്വരിതപ്പെടുത്തണമെന്നും 4.5 മാസം കൊണ്ട് പതിനായിരക്കണക്കിനുള്ള പാവപ്പെട്ട കർഷകർക്കു പട്ടയം കൊടുത്ത് മലയോര പ്രദേശത്തുള്ള കർഷകരെ തൊഴുവിലാകാതെ സംരക്ഷിക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നത്. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഭാസ്കരൻനായർ: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

പ്രമേയത്തിൽ ''നടപടികളും'' എന്നതിനുശേഷം ''സത്വരമായി'' എന്ന വാക്കുകൂടി ചേർക്കുക.

മലയോര കർഷകരെ സംബന്ധിച്ചിടത്തോളം ഇന്ന് അവർ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു വിഭാഗമാണ്. നമ്മുടെ നാട്ടിൽ വളരെ തുച്ഛമായ തുണ്ടു ഭൂമികളും ഉണ്ടായിരുന്നതെല്ലാം വിറ്റ് കാലയാപനത്തിനു വേണ്ടി മലയോരങ്ങളിൽ പോയി വളരെയേറെ കഷ്ടപ്പെട്ട് വന്യമൃഗങ്ങളുമായി പൊരുതി ജീവിച്ചുവരുന്ന ഒരു വിഭാഗമാണ് ഇവർ. അവർക്കു മലയോര പ്രദേശത്തുള്ള ഭൂമി മറ്റ് ഏതെങ്കിലും വിധത്തിൽ ക്രയവിക്രയം ചെയ്യാൻ യാതൊരു സാധ്യതയുമില്ല. ആ ഭൂമി ഒന്നു അഭിവൃദ്ധിപ്പെടുത്താനോ അതിന് പട്ടയം കിട്ടാത്തതുകൊണ്ട് ഏതെങ്കിലും വിധത്തിൽ കുറച്ചു പണം ഉണ്ടാക്കാനോ യാതൊരു നിവൃത്തിയുമില്ലാതെ കഷ്ടപ്പെടുന്ന ഒരു വിഭാഗമാണ് ഇവർ. ചില ആളുകൾക്ക് അവിടെ കാഫി ബോർഡിൽനിന്നും റബ്ബർ ബോർഡിൽനിന്നും വായ്പ വാങ്ങാനുള്ള സൗകര്യം ഉണ്ടെങ്കിലും പട്ടയം കിട്ടിയിട്ടില്ല എന്ന ഒരൊറ്റ കാരണത്താൽ ഇന്ന് ഇവർക്കുള്ള ആ ആനുകൂല്യവും അനുഭവിക്കാൻ നിവൃത്തിയില്ലാതിരിക്കുകയാണ്. അതുകൊണ്ട് തീർച്ചയായും ഇങ്ങനെയുള്ള വിഭാഗത്തിന് എത്രയും വേഗം പട്ടയം കൊടുക്കുക എന്നുള്ളത് അനിവാര്യമായ ഒരു സംഗതിയാണ്. പട്ടയം ലഭിക്കാൻ റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നും വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ചില ആളുകളെ ഇങ്ങോട്ടു വിളിച്ച് പട്ടയം കൊടുക്കുന്ന രീതിയുമുണ്ട്. സാമ്പത്തിക ശേഷിയില്ലാത്ത ആളുകൾക്ക് ഇതുകിട്ടുന്നില്ല. ആ തത്രത്തിൽ അവർ കഷ്ടപ്പെടുന്നത് മനസ്സിലാക്കികൊണ്ട് എത്രയും വേഗം പട്ടയം കൊടുക്കണമെന്ന പ്രമേയത്തോടെ ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

ശ്രീ. സി.പി. ഗോവിന്ദൻനമ്പ്യാർ: ഞാൻ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുകയാണ്.

പ്രമേയത്തിൽ ''പട്ടയം ലഭിക്കുവാൻ അർഹതപ്പെട്ട എല്ലാ കുടിയിക്കാർക്കും ഡീംഡ് ടെനൻസിനുള്ള ആനുകൂല്യം നൽകി പട്ടയം നൽകുന്നതിനു'' എന്നുകൂടി കൂട്ടിച്ചേർക്കണം എന്ന എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

മലയോര പ്രദേശങ്ങളിൽ പ്രത്യേകിച്ച് മലപ്പുറം, ഇടുക്കി പ്രദേശങ്ങളിൽ താമസിക്കുന്ന കൃഷിക്കാർക്കു രേഖയില്ലാത്തതുകൊണ്ട് പല ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവർ അനുഭവിക്കുന്ന വിഷമതകളും എത്രമാത്രമാണെന്നു പറയാൻ സാദ്ധ്യമല്ല. അതിനാൽ അവർക്കു പട്ടയം കൊടുക്കാനുള്ള സംവിധാനം എർപ്പെടുത്തണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഭൂപരിഷ്കരണ നിയമത്തിലെ (105) എ വകുപ്പനുസരിച്ച് Appointment of the officer for such purpose. The Land Tribunal or the land Board. എന്നാണു പറയുന്നത്. ഈ വകുപ്പിന്റെ ആനുകൂല്യം അവർക്കു കൊടുത്താൽ തന്നെ ഉടനടി പട്ടയം കൊടുക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഈ വകുപ്പിന്റെ ആനുകൂല്യം നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. വി.ജെ. ജോസഫ്: ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിന്റെ അവസാനഭാഗത്ത് ''പട്ടയം നൽകുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നതിനു'' പകരം ''പട്ടയം നൽകുന്നതിന് ആവശ്യമായ അടിയന്തിരനടപടികളും സ്വീകരിക്കണമെന്ന്'' ചേർക്കണമെന്ന ഭേദഗതി നിർദ്ദേശിക്കുന്നു.

ഈ മലയോര പ്രദേശങ്ങളിൽ വളരെ വർഷങ്ങളായി കുടിയേറി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകാത്തതുമൂലം സ്ഥിരമായ ദേഹണ്ഡങ്ങളും നടത്താൻ സാധിക്കാതെ വരുന്നതു അവരെ സംബന്ധിച്ച് നഷ്ടമാണെന്നു മാത്രമല്ല. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു ദേശീയ നഷ്ടംകൂടിയാണ്. അതോടൊപ്പംതന്നെ മറ്റൊരുകാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സമതലങ്ങളിൽ 10.30 സെന്റ് ഭൂമി കുത്തക പാട്ട വ്യവസ്ഥയിൽ ഇന്നു പാവപ്പെട്ട കൃഷിക്കാർ കൈവശം വയ്ക്കുകയും അവിടെ താമസിച്ച് അനുഭവങ്ങൾ എടുത്തു ജീവിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ ഈ കൃഷിക്കാരിൽനിന്ന് ഒരു തെങ്ങിന് 20 രൂപയും റബ്ബറിന് 10 രൂപയും കണക്കാക്കി റവന്യൂ ഉദ്യോഗസ്ഥൻമാർ അസസ് ചെയ്യുന്നതനുസരിച്ച് ഒരു വൻ തുക അവർക്കു കൊടുക്കേണ്ടിവരുന്നു. റവന്യൂ ഉദ്യോഗസ്ഥൻമാരുടെ ഈ നടപടിമൂലം പാവപ്പെട്ട ആളുകൾക്ക്, സമതലങ്ങളിലുള്ള കുത്തക പാട്ട വ്യവസ്ഥയിൽ കഴിയുന്ന ആളുകൾക്ക്, നീതി ലഭിക്കുന്നില്ലെന്നുള്ളതാണ് അവസ്ഥ. അങ്ങനെയുള്ള ആളുകൾക്ക് പത്തും ഇരുപതും സെന്റു മാത്രമാണ് ഈ സമതലങ്ങളിലുള്ളത്. അവർക്ക് കൂടി പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഗവൺമെൻറിന്റെ വികസന പ്രവർത്തനങ്ങളും പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കണമെങ്കിൽ കേരളത്തിൽ ഭൂമി കൈവശമുള്ള മുഴുവൻ കൃഷിക്കാർക്കും പട്ടയം 1979-ൽ തന്നെ കൊടുക്കേണ്ടതാണ്. 1979 പട്ടയദാനവർഷമായി ആചരിക്കുകതന്നെ വേണമെന്നാണ് എനിക്കു പറയാനുള്ളത്. സംയോജിത ഗ്രാമവികസന പദ്ധതി അനുസരിച്ച് ഹരിജനങ്ങൾക്കു 20 ശതമാനം ഗ്രാൻറും ലോണും നൽകാൻ ഗവൺമെൻറു വ്യവസ്ഥചെയ്തിട്ടുണ്ട്. പക്ഷേ പട്ടയം കിട്ടാത്തതുകൊണ്ട് ഹരിജനങ്ങൾക്ക് ഈ 20 ശതമാനം ഗ്രാൻറും ലോണും ലഭിക്കാൻ സാധ്യതയില്ല. ഈ പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ട് ഈ വർഷത്തെ സംയോജിത ഗ്രാമവികസന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ വർഷം തന്നെ ഹരിജനങ്ങൾക്ക് 20 ശതമാനം ഗ്രാൻറും ലോണും ലഭിക്കത്തക്കവിധത്തിൽ കൈവശഭൂമിക്ക് പട്ടയം നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഭവനനിർമ്മാണ പദ്ധതിയും വിജയിക്കണമെങ്കിൽ പട്ടയം ഉടൻതന്നെ ഗവൺമെൻറ് നൽകേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളിൽനിന്നും ഗവൺമെൻറ് സ്ഥാപനങ്ങളിൽനിന്നും ഗ്രാന്റോ ലോണോ ലഭിക്കുന്നതിന് മലയോരപ്രദേശത്തെ കൃഷിക്കാർക്കു മാത്രമല്ല നാട്ടിൻപുറങ്ങളിലെ മുഴുവൻ കൃഷിക്കാർക്കും പട്ടയം ഈ വർഷംതന്നെ നൽകണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. പി. എസ്തോസ്: സർ, എന്റെ ഭേദഗതി ഓർഡറിലില്ലെങ്കിലും ഒരു വസ്തുത ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുന്നതിനാണ് ഞാൻ അത് എഴുതിയത്. നമ്മുടെ മലയോരപ്രദേശങ്ങളിലെ പതിനായിരക്കണക്കിന് കൃഷിക്കാർക്ക് കൈവശഭൂമിക്ക് ദീർഘകാലമായി വിവിധ കാരണങ്ങൾ പറഞ്ഞാണ് പട്ടയം കൊടുക്കാതെ തടഞ്ഞു വച്ചിരിക്കുന്നത്. അങ്ങനെ തടഞ്ഞുവച്ചിരിക്കുന്നതു ശരിയല്ല. പദ്ധതിയുടെ പേരുപറഞ്ഞും വനത്തിന്റെ സംരക്ഷണം പറഞ്ഞും ഒക്കെ നിരവധി വർഷങ്ങളായി കൈവശംവച്ച് കൃഷിചെയ്തു റേഷൻ കാർഡ് അടക്കമുള്ള രേഖകളും കൈവശമുള്ള ആളുകളെ സംബന്ധിച്ചിടത്തോളം പട്ടയം കൊടുക്കാതിരിക്കുന്നത് ശരിയല്ല. അവർക്ക് പട്ടയം കൊടുക്കണം.

അതുപോലെതന്നെ മറ്റുചിലർ ചൂണ്ടിക്കാണിച്ചതുപോലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലാൻഡ് അസൈൻമെൻറു കമ്മിറ്റി ഉണ്ടായിരുന്നു. ആ കമ്മിറ്റി പിരിച്ചു വിടുകയോ പ്രവർത്തനരഹിതമാകുകയോ ചെയ്തിട്ടുണ്ട്. ഇന്ന് ആ അധികാരങ്ങൾ കൊടുത്തിരിക്കുന്നത് താലൂക്ക് തഹസീൽദാർക്കാണ്. മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഒക്കെ ദീർഘകാലമായി ഭൂമികൈവശംവച്ച് കൃഷി ചെയ്തു കുടികിടക്കുന്ന ആളുകളുണ്ട്. അതിൽ ദേഹണ്ഡമുള്ളവരും ദേഹണ്ഡമില്ലാത്തവരും ഉണ്ട്. ആറ്റു പുറംപോക്കുകളിലും മറ്റു ഗവൺമെൻറു പുറംപോക്കുകളിലും ഒക്കെ കിടക്കുന്ന ആളുകൾക്ക് ആ ഭൂമി ഇനിയെങ്കിലും പതിച്ചു കൊടുക്കാതിരിക്കുന്നത് നീതിക്കു നിരക്കുന്നതല്ല. പട്ടയത്തിന്റെ പേരിൽ പല ഉൽസവങ്ങളും നടത്തിയതാണ്. ആനപ്പുറത്തു ഉൽസവം നടത്തിയതാണ്. ഇതെല്ലാം നടത്തിയിട്ട് ഇപ്പോഴും കോരനു കുമ്പിളിൽതന്നെ കഞ്ഞി എന്നു പറഞ്ഞതുപോലെ അനവധി ആളുകൾക്ക് ഭൂമി പതിച്ചുകൊടുക്കാനുണ്ട്. റവന്യൂ ഉദ്യോഗസ്ഥൻമാരുടെ നീതിപൂർവ്വമല്ലാത്ത, സഹായകമല്ലാത്ത പല നടപടികളുമാണ് ഇതിനു ഇടയാക്കുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള ഭൂമി കൂടി പതിച്ചുനൽകാൻ റവന്യൂ ഡിപ്പാർട്ടുമെൻറിനു അടിയന്തിരമായ നിർദ്ദേശം കൊടുക്കണം. ഒരു ടൈം ബൗണ്ടു പ്രോഗ്രാം എന്ന നിലയ്ക്ക് ഇത്ര കാലത്തിനകത്ത് അത്തരത്തിലുള്ള അവകാശം പതിച്ചുകൊടുക്കണമെന്നു ഗവൺമെൻറ് നിർദ്ദേശം കൊടുക്കണം. അതിന് റവന്യൂ മന്ത്രി പ്രത്യേകമായ താൽപ്പര്യമെടുക്കണം. അങ്ങനെ ഈ പാവപ്പെട്ടവരോടു ഇനിയെങ്കിലും നീതിചെയ്യണമെന്നു മാത്രമാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. അതുകൂടി ചേർത്തുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

(Mr. Deputy Speaker in the Chair)

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് ഞാൻ യോജിക്കുകയാണ്. അതോടൊപ്പം എന്റെ ഭേദഗതി കൂടി കൂട്ടിച്ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. ''മലയോരപ്രദേശങ്ങളിലും'' എന്ന വാക്കിനുശേഷം ''റിസർവ് വനങ്ങളിലും''

LIBRARY ARCHIVES Kerala Legislative Assembly

എന്നുകൂടി ചേർക്കണം. കേരളത്തിന്റെ മലയോരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് പട്ടയം കിട്ടേണ്ടത് ആവശ്യമാണ്. പട്ടയം കിട്ടാത്തതുകൊണ്ട് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഗവൺമെന്റിൽനിന്നും ലോൺ കിട്ടുന്നില്ല.

സർ, അതുപോലെതന്നെ ഇന്നു റിസർവ് വനങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്കും വയനാടു ചെട്ടി സമുദായത്തിൽപ്പെട്ട ആളുകൾക്കും വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇവർ തലമുറകളായി വനങ്ങളിൽ താമസിക്കുന്നവരാണ്. ഇവർക്ക് ലോണോ മറ്റാനുകൂല്യങ്ങളോ വാങ്ങിക്കാൻ സാധിക്കുന്നില്ല. മലയോരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളേക്കാൾ ശ്വാസം മുട്ടി കഴിയുന്നവരാണ് ഈ ആദിവാസികളും ചെട്ടിസമുദായത്തിൽപ്പെട്ടവരും. അവർക്ക് കൈവശഭൂമിയിൽ വീടുകൾ ഉണ്ടാക്കാനോ കൃഷിക്ക് ഗവൺമെന്റിന്റെ സഹായം വാങ്ങിക്കാനോ സാധിക്കുന്നില്ലെന്നുള്ള വസ്തുത ഗവൺമെന്റ് പരിശോധിക്കണം. മാത്രമല്ല ഫോറസ്റ്റ് ലീസ് കരയ്ക്കും വയലിനും 3½ രൂപയും 7 രൂപയും ആയിരുന്നത് ഇപ്പോൾ 20 രൂപയും 30 രൂപയും ആക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. അങ്ങനെ പല ബുദ്ധിമുട്ടുകളും ഇവരെ സംബന്ധിച്ചിടത്തോളം ഉണ്ട്. ഇതു പരിഹരിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കണം.

സർ, ഇന്ന് ശ്രീമാൻ ലൂക്കോസ് സംസാരിച്ച അവസരത്തിൽ എന്നെപ്പറ്റി ഒരു പരാമർശനം നടത്തി. ഞാൻ സുൽത്താൻ ബത്തേരി ടി.ബി-യിൽ താമസിക്കുന്നു എന്ന് അദ്ദേഹം പറയുകയുണ്ടായി. ഞാൻ അങ്ങനെ ടി.ബി-യിൽ താമസിക്കുകയാണെങ്കിൽ അത് എന്റെ നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ നോക്കാൻ വേണ്ടിയാണ്. എന്നാൽ ബഹുമാനപ്പെട്ട ശ്രീ. ലൂക്കോസ് അവിടെ വരുന്നതിന്റെ ഉദ്ദേശം മനസ്സിലാകുന്നില്ല. അദ്ദേഹം കൈക്കൂലി വാങ്ങിക്കുന്നു എന്നിങ്ങനെയൊക്കെ കേട്ടുകേൾവി ഉണ്ട്. എത്രമാത്രം അതിൽ സത്യമുണ്ടെന്നോ അറിഞ്ഞുകൂടാത്തതുകൊണ്ട് പെർസണലായിട്ട് അദ്ദേഹത്തെ അതു ബാധിക്കുമെന്നുള്ളതുകൊണ്ടും ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല.

ശ്രീ ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. മലബാറിലെ മലയോരങ്ങളിൽ കൃഷിചെയ്തു വരുന്ന കുടിയാൻമാരായ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് ഒഴിപ്പിക്കൽ ഭീഷണിയെ നേരിട്ടു വരികയാണ്. ലാൻഡ് ട്രിബ്യൂണലുകളിൽ ഈ കുടിയാൻ പട്ടയത്തിനു വേണ്ടി അപേക്ഷിക്കുകയാണെങ്കിൽ പട്ടയം കിട്ടുന്നില്ല. കാരണം വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ആക്ട് വന്നതിനു ശേഷം ആ ആക്ട് പ്രകാരം 10.5.1977-നു മുമ്പു കൃഷി ചെയ്ത ആളുകളെ മുഴുവൻ അതിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. 70-ലും, 69-ലും 68-ലും എല്ലാം കൃഷി ചെയ്ത ആളുകൾ വാസ്തവത്തിൽ ലാൻഡ് ട്രിബ്യൂണലിൽ അപേക്ഷ കൊടുക്കുകയാണെങ്കിൽ അവർക്ക് പട്ടയം കൊടുക്കാനുള്ള വ്യവസ്ഥ ഇന്ന് കെ.എൽ.ആർ. ആക്ടിൽ ഇല്ലെന്നുള്ളതുകൊണ്ട് പട്ടയം ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത.

അതുപോലെ തന്നെ ഈ കൃഷിക്കാരന് പട്ടയം കിട്ടാൻ കെ.എൽ.ആർ. ആക്ടു പ്രകാരം വ്യവസ്ഥയില്ല. ഗവൺമെന്റിനു പട്ടയം കൊടുക്കാൻ കഴിയുകയില്ല. ഈ കൃഷിക്കാർക്ക് ജൻമിമാർ ഇല്ലെന്ന സ്ഥിതിവിശേഷം

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പട്ടയമില്ലാത്തതുകൊണ്ട് വളരെയധികം പ്രയാസമുണ്ട്. മലയോരങ്ങളിൽ കൃഷി ചെയ്യുന്ന കൃഷിക്കാരാണ്. അവർക്ക് പട്ടയംകൊടുക്കാൻ നടപടി കൈക്കൊള്ളണം. എന്റെ അമൻറുമെന്റിൽ പറഞ്ഞിട്ടുള്ളത് 1.1.1977 വരെ ഈ മലയോരങ്ങളിൽ കൃഷി ചെയ്ത ആളുകളെ മുഴുവൻ കൃഷിക്കാരായി അംഗീകരിക്കണമെന്നാണ്. ഇന്ന് ഇതുപോലുള്ള ആളുകളെ ഒഴിപ്പിക്കാൻ ശ്രമം നടക്കുകയാണ്. അപ്പോഴും റിസർവു വനങ്ങളിൽകയറിയ ആളുകളാണെങ്കിലും 1.1.1977വരെ കൈവശമുള്ള ആളാണെങ്കിൽ ഒഴിപ്പിക്കുകയില്ലെന്ന് ഈ സഭയിൽതന്നെ ഉറപ്പ് നൽകിയിട്ടുള്ള സ്ഥിതിക്ക് വെസ്റ്റിംഗ് ആൻറ് അസൈൻമെൻറ് ആക്ടിൽപെട്ട കൃഷിക്കാർക്ക്കൂടി അവരെ ഒഴിപ്പിക്കാതിരിക്കുന്നതിനുവേണ്ടി പട്ടയം കൊടുക്കാമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ ഇ. നാരായണൻ നായർ: സർ, ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. മലയോരപ്രദേശത്തുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. പെരുവണ്ണാമൂഴി പദ്ധതി പ്രദേശത്തു താമസിച്ചിരുന്ന കുറെ ആളുകളെ മുതലക്കുളം ഉണ്ടാക്കാൻ വേണ്ടി ഒഴിപ്പിച്ചു. ഗവൺമെൻറുതന്നെ നേരിട്ടു ചെയ്തതാണ്. കലക്ടർ ഇടപെട്ട് കുറച്ചു സ്ഥലം എടുത്ത് മറ്റൊരു സ്ഥലത്ത് അവരെ കുടിയിരുത്തി. അവർക്കു ഇന്നുവരെ പട്ടയം കൊടുത്തിട്ടില്ല. റവന്യൂ ഡിപ്പാർട്ടുമെൻറു സബ്ഡിവിഷൻ കഴിക്കുന്നില്ലെന്നതാണ് അതിന്നു കാരണം. പട്ടയം കിട്ടാത്തതുകൊണ്ട് സഹകരണസംഘങ്ങളിൽനിന്നും വീടു വയ്ക്കുന്നതിനുള്ള കടം വാങ്ങിക്കാൻ നിവൃത്തിയില്ല. അപേക്ഷ കൊടുക്കണമെങ്കിൽ പട്ടയം കൊടുക്കണം. റവന്യൂ ഡിപ്പാർട്ടുമെൻറിനു സബ് ഡിവിഷൻ കഴിക്കാൻ കഴിയാത്തതുകൊണ്ടും സാമ്പത്തിക തടസ്സത്തിന്റെ പേരിലും പട്ടയം കിട്ടാതിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രമേയത്തിന്റെ സത്തയോട് യോജിക്കുന്നു. ഇതിന്ന് ഒരു പരിഹാരമുണ്ടാകണം.

ശ്രീ പി.വി. കുഞ്ഞിക്കണ്ണൻ: സർ, ഞാൻ ഈ പ്രമേയത്തോടു യോജിക്കുകയാണ്. നമ്മുടെ നാട്ടിൽ പല പട്ടയ മേളകളും നടത്തി പട്ടയം കൊടുത്തു. ഇന്ന് പട്ടയം കിട്ടേണ്ടവരുടെ പ്രശ്നമല്ല. കൊടുത്ത പട്ടയം തന്നെ സർവ്വെ ചെയ്യാത്തതുകൊണ്ട് കടലാസു കൈവശം കിട്ടി എന്നു മാത്രമല്ലാതെ ഗുണമില്ലാതിരിക്കുകയാണ്. മലബാർ പ്രദേശത്തായാലും തിരുവിതാംകൂർ ഭാഗങ്ങളിൽ ഇടുക്കി, കോട്ടയം മുതലായ ഭാഗങ്ങളിലായാലും വ്യവഹാരമായ വിധത്തിൽ കൈവശ രേഖ കിട്ടാതെ വിഷമിക്കുന്നുണ്ട്. ഇതിന്നാവശ്യമായ എന്തെങ്കിലും സത്വര നടപടി ഗവൺമെൻറ് എടുക്കുന്നില്ല. പ്രഖ്യാപനങ്ങൾക്കുമേൽ പ്രഖ്യാപനവും അതിന്റെ പിന്നിൽ പ്രഖ്യാപനവുമല്ലാതെ സത്വരനടപടിയെടുക്കുന്നതായി കാണുന്നില്ല. പദ്ധതിപ്രദേശത്തുനിന്ന് ഒഴിപ്പിക്കലിനു വിധേയരാകുമെന്നു കരുതി പട്ടയം കൊടുക്കാതിരിക്കുന്നുണ്ട്. രാജക്കാട് ബൈസൺവാലി മുതലായ സ്ഥലങ്ങളിൽ ഇങ്ങിനെ പട്ടയം കൊടുക്കാതിരിക്കുന്നുണ്ട്. അങ്ങിനെ കാർഷികരംഗത്ത് ഉൽപ്പാദനം നടത്തുന്ന ആളുകൾക്ക് കൈവശഭൂമിയിൽ അവകാശമില്ലാത്ത സ്ഥിതി അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ എ. എൻ. യൂസഫ്: സർ, സ്വകാര്യവനങ്ങളും കൂടി ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. എന്റെ നിയോജകമണ്ഡലത്തിൽ വളരെ ചുരുക്കം ആളുകൾക്കു മാത്രമേ പട്ടയം കിട്ടിയിട്ടുള്ളു. അവർക്ക് നിയമപരമായ പല ആനുകൂല്യങ്ങളും കിട്ടുന്നില്ല. മറ്റു പല അസൗകര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. അതിനു പുറമെ വനം ദേശസാൽക്കരിക്കുന്നതിനു മുമ്പുതന്നെ സ്വകാര്യവനഉടമകളുടെ കീഴിൽ ഏട്ടും പത്തും ഇരുപതും കൊല്ലം താമസിച്ച ആളുകൾക്കുപോലും ഈ വനഭൂമിയിൽ പ്രത്യേകമായ യാതൊരു സൗകര്യവും ചെയ്തു കൊടുത്തിരുന്നില്ല. ഇന്ന് അവർക്ക് പട്ടയവും കിട്ടുന്നില്ല. അതിനു പുറമേ ഫോറസ്റ്റുദ്യോഗസ്ഥൻമാർ ജണ്ട ഇടലും മറ്റും നടത്തുകയാണ്. മലബാർ ഭാഗത്ത് ഒരു പ്രത്യേകതയുള്ളത് കയ്യേറി ഭൂമി എടുത്തിട്ടുണ്ട്. ഞങ്ങളുടെ ഭാഗത്തണെങ്കിൽ 95 ശതമാനം വരുന്ന മലയോര കർഷകരും താലി വരെ വിറ്റ് പണം കൊടുത്ത് ഭൂമിവാങ്ങിയവരാണ്. അവർ അവിടെ വനസമ്പത്തുകൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും എപ്പോഴും വേണമെങ്കിലും ഒഴിപ്പിക്കാവുന്ന സ്ഥിതിയിലാണ്. വനപ്രദേശങ്ങളിൽ മാത്രമല്ല നാട്ടിൻ പുറങ്ങളിൽപോലും മരമില്ലാതെ പറമ്പായികിടക്കുന്ന സ്ഥലങ്ങളിലെ ആളുകൾക്കും പട്ടയം കിട്ടുന്നില്ല. വളരെ വേഗം പട്ടയം കൊടുക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പു മന്ത്രി ശ്രീ. ബേബി ജോൺ: സർ, ഈ സഭയുടെ എല്ലാ ഭാഗത്തു നിന്നും പ്രമേയത്തെ സംബന്ധിച്ചു പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായി ഗവർമ്മെണ്ട് യോജിക്കുകയാണ്. വളരെ പ്രതികൂലമായ സാഹചര്യങ്ങളിൽ സാഹസിക മനോഭാവത്തോടുകൂടി ഈ പ്രദേശങ്ങളിൽപോയി താമസിച്ച് കൃഷി ചെയ്തിട്ടുള്ള ആളുകൾക്ക്, ഭൂമി കൈവശംവെച്ചിരിക്കുന്ന ആളുകൾക്ക് അതിന്റെ ഉടമസ്ഥാവകാശം ന്യായമായും കിട്ടണമെന്ന ആവശ്യം സാർവത്രികമായി പൊന്തിവന്നിട്ടുണ്ട്. സാർവ്വത്രികമായി അംഗീകരിച്ചിട്ടുമുണ്ട്. നമ്മുടെ സംസ്ഥാനത്ത് 1970-ൽ ഭൂപരിഷ്കരണനിയമം നടപ്പിലാകുന്നതിന് മുമ്പുള്ള ഭൂമിയെ സംബന്ധിച്ച നിയമ നിർമ്മാണങ്ങളും ഭൂമി പതിവുചട്ടങ്ങളും നോക്കുകയാണെങ്കിൽ ഏതെങ്കിലും രീതിയിൽ ഗവൺമെന്റ് ഭൂമിയിൽ, റവന്യൂ ഭൂമിയിൽ, ഫോറസ്റ്റ് ഭൂമിയിൽ പ്രവേശിക്കുക, എന്നിട്ട് നമ്മളെല്ലാപേരും കൂടിചേർന്ന് അത് റഗുലറൈസ് ചെയ്തുകൊടുക്കുക. ഇതാണ് നമ്മുടെ സംസ്ഥാനത്ത് നിലവിലിരുന്നത്, ഇപ്പോഴും നിലവിലിരിക്കുന്നത്. ഇപ്പോഴും പതിവു ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് കൈവശക്കാർക്ക് മുൻഗണന കൊടുത്ത് പതിച്ചുകൊടുക്കണമെന്നാണ്. അതിന്റെ ന്യായാന്യായതകളിലേക്ക് ഞാൻ കടക്കുന്നില്ല. പലകാരണങ്ങളാലാണെങ്കിലും ഈ ഭൂമിയിൽ കൈവശമിരിക്കുന്ന ആളുകൾ അതിന്റെ ഉടമസ്ഥൻമാരായി മാറേണ്ടതുണ്ട്. പതിച്ചു കൊടുക്കാവുന്ന ഈ ഭൂമിയെല്ലാം കൈവശക്കാർക്ക് വളരെ വേഗം പതിച്ചു കൊടുക്കണമെന്ന ഖണ്ഡിതമായ അഭിപ്രായമാണ് ഗവർമ്മെണ്ടിനുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ പല നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ചില ബഹുമാനപ്പെട്ട മെമ്പറൻമാർ കാഞ്ഞിരപ്പള്ളി കാര്യത്തെപ്പറ്റി ഇവിടെ പറഞ്ഞു. പല പ്രദേശത്തേയും കാര്യം പറഞ്ഞു. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽതന്നെ കാഞ്ഞിരപ്പള്ളി പ്രശ്നം ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവന്നപ്പോഴും ആവശ്യമായ നടപടികളും സ്വീകരിച്ചു. പ്രത്യേകമായി ഒരു ഡെ. കളക്ടറേയും, മറ്റ് ഉദ്യോഗസ്ഥൻമാരേയും ആ പ്രദേശത്തെ ഭൂമി പതിവിനു വേണ്ടി പ്രത്യേകമായി നിയമിച്ചിട്ടുണ്ട്. അതിന്റെ കണക്കുകളും ഞാൻ പറയുന്നില്ല. ഇക്കാര്യങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്ത് ഒരു ടൈം ബൗണ്ട് പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്തി ഇത് ചെയ്തുകൊണ്ടിരിക്കുകയാണ്. സഹകരണസംഘങ്ങളിൽ നിന്നും വായ്പ എടുക്കാൻ പട്ടയമാവശ്യമാണ്. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണ്. ചില ബഹുമാനപ്പെട്ട മെമ്പറൻമാർ ഹരിജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ഇവിടെ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് ബുദ്ധിമുട്ടുകളുണ്ട്. പക്ഷെ നാട്ടിൽ നിലവിലിരിക്കുന്ന നിയമവും ചട്ടവും നമ്മെ എല്ലാം കൂടി പ്രോൽസാഹിപ്പിക്കുന്ന സ്ഥിതിയും കൊണ്ട് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആനുകൂല്യങ്ങളും നിർഭാഗ്യവശാൽ ഹരിജനങ്ങൾക്ക് കിട്ടുന്നില്ല. റവന്യൂ ഭൂമി പതിച്ചുകൊടുക്കുമ്പോൾ 25 ശതമാനം ഹരിജനങ്ങൾക്ക് പതിച്ചുകൊടുക്കണമെന്നാണ് വ്യവസ്ഥ. പക്ഷെ മറ്റൊരു വശത്ത് കൈവശക്കാരനു പതിച്ചുകൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതുകൊണ്ട് ഹരിജനങ്ങൾ താരതമ്യേന കയ്യേറ്റത്തിന് അല്ലെങ്കിൽ ഭൂമി കൈവശപ്പെടുത്തുന്നതിന് പിന്നിലായതുകൊണ്ട് അവർക്ക് ന്യായമായി ലഭിക്കേണ്ട ചട്ടപ്രകാരം ലഭിക്കേണ്ട, ആനുകൂല്യം നിഷേധിക്കപ്പെടുന്നു എന്നതാണ് ഒരു സത്യം. നിയമപ്രകാരം ലഭിക്കേണ്ട 25 ശതമാനത്തിൽ 10 ശതമാനം പോലും ഭൂമി ഹരിജനങ്ങൾക്ക് പതിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ലെന്നുള്ള ദു:ഖസത്യം നാം അംഗീകരിക്കണം. ഹരിജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. പട്ടയം കിട്ടാത്ത ബുദ്ധിമുട്ട് ഹരിജനങ്ങൾക്കുണ്ടെന്നു പറയുന്ന മെമ്പറൻമാർ ഈ വസ്തുതയൊന്ന് ഓർത്തിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. പി. എസ്തോസ്: പുറംപോക്ക് കൈവശം വെച്ചിരിക്കുന്ന ഭൂവുടമകളും യഥാർത്ഥത്തിൽ ഭൂസ്വത്തുള്ളവരും ആ ഭൂമി അവരുടെ മക്കളുടെയോ സ്വന്തക്കാരുടെയോ പേരിൽ അപേക്ഷ കൊടുത്ത് പതിപ്പിക്കുന്നതുകൊണ്ടല്ലേ ഹരിജനങ്ങൾക്ക് അർഹതപ്പെട്ട ഭൂമി നഷ്ടപ്പെട്ടു പോകുന്നത്.

ശ്രീ. ബേബി ജോൺ: ഈ സഭയിൽത്തന്നെ പല പ്രാവശ്യം ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ ഇടയ്ക്കിടക്ക് ചോദ്യങ്ങൾ ചോദിക്കുന്നുണ്ടെങ്കിലും നമ്മളെ എല്ലാപേരും പ്രത്യക്ഷമായോ പരോക്ഷമായോ ഇങ്ങനെയുള്ള ഏർപ്പാടുകളെ സഹായിക്കുന്നു. കൂട്ടുനിൽക്കുന്നു എന്ന് ഞാൻ പറയുന്നില്ല. ഏതായിരുന്നാലും അതിനേക്കുറിച്ചുള്ള ഒരു വാദപ്രതിവാദം വേണ്ട. അതേ സമയത്ത് ഇവരുടെ കാര്യത്തിൽ പട്ടയം കൊടുക്കുന്നതു സംബന്ധിച്ച് എനിക്കൊരപേക്ഷയുണ്ട്. മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന കർഷകരെന്ന് പറയുന്നത് സാഹസിക മനോഭാവത്തോടുകൂടി പ്രതികൂല സാഹചര്യങ്ങളിൽ അവിടെപോയി കഠിനാദ്ധ്വാനം ചെയ്ത് ഭൂമി ഫലപുഷ്ടമാക്കി മാറ്റിയിട്ടുള്ള വിഭാഗമെന്ന നിലയിൽ പ്രത്യേക പരിഗണന അർഹിക്കുന്നു എന്നുള്ളതിൽ അഭിപ്രായ വ്യത്യാസമില്ല. ബഹുമാനപ്പെട്ട മെമ്പറൻമാരുടെ അഭിപ്രായങ്ങളോട് യോജിക്കുന്നു. വളരെ വേഗം പട്ടയം വിതരണം ചെയ്യണമെന്നുള്ള കാര്യത്തിൽ പക്ഷെ ഇത് പറയുന്ന മെമ്പറൻമാർ, അവർകൂടിയൊന്നു സഹായിക്കാൻ അവരെ ഗുണദോഷിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. എന്താണ് കാരണമെന്നു പറഞ്ഞാൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. പ്രമേയം വന്ന അവസരത്തിൽ വളരെ ശോചനീയമായ ഒരു സ്ഥിതിയുണ്ട്. മലയോര പ്രദേശങ്ങളിൽത്തന്നെ വാസ്തവത്തിൽ ഇനി 1,50,155 പട്ടയങ്ങൾ കൊടുക്കാനുണ്ട്. തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ 15,632 ഉണ്ട്, കൊല്ലത്ത് 7,096 ഉണ്ട്, കോട്ടയത്ത് 4,392 ഉണ്ട്, ഇടുക്കിയിൽ 49,435 ഉണ്ട്, എറണാകുളത്ത് 12,572 ഉണ്ട്, തൃശ്ശൂരിൽ 18,585 ഉണ്ട്, കോഴിക്കോട് 2,192 ഉണ്ട്, കണ്ണൂരിൽ 40,251 ഉണ്ട്, അങ്ങനെ നോക്കുമ്പോൾ മൊത്തമായി 1,50,155 ഉണ്ട്. ഇതിൽ ഒരു വസ്തുതയുണ്ട്. നിശ്ചയിക്കപ്പെടുന്ന തറവില, തടിവില ഇതെല്ലാം കൊടുത്താലേ ഭൂമി പതിച്ചുകൊടുക്കുകയുള്ളൂ. അങ്ങനെവരുമ്പോൾ തറവിലയും തടിവിലയും നിശ്ചയിച്ചു

LIBRARY ARCHIVES Kerala Legislative Assembly

അസൈൻമെൻറ് നടപടികളും തുടങ്ങിയിട്ടും കുടിശ്ശിക കാരണം പട്ടയം കൊടുത്തിട്ടില്ല. കുടിശ്ശിക എന്താണെന്ന് അറിയാമോ 65,87,633 രൂപ ആ ഇനത്തിൽ കൊടുക്കേണ്ടതായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 96,077, രൂ., കൊല്ലത്ത് 8,67,579, കോട്ടയത്ത് 40,527, ഇടുക്കിയിൽ 29,24,515, എറണാകുളത്ത് 2,21,875, തൃശൂരിൽ 6,51,898, കോഴിക്കോട് 1,75,741, കണ്ണൂരിൽ 14,04,418 ഇത് കിട്ടിയേ പതിച്ചുകൊടുക്കുകയുള്ളു. അതിൽ കുടിശ്ശിക വരുത്തിയാൽ പതിച്ചുകൊടുക്കാൻ കാലതാമസമുണ്ടാകും. ഇതു കൂടി ഇളവു ചെയ്തു പതിച്ചുകൊടുക്കണമെന്ന ശാഠ്യം സഭയിൽ ഒരു ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. പതിവു ചട്ടമനുസരിച്ചുള്ള നടപടികളും വേണ്ടിവരുന്നു. അപ്പോഴും അതിനുള്ള സഹകരണം എല്ലാഭാഗത്തുനിന്നും, അവരെ അതിനു പ്രേരിപ്പിക്കണമെന്ന് മാത്രമാണ് എനിക്കു പറയാനുള്ളത്. ഞാൻ ഇതിന്റെ ഉള്ളടക്കം അംഗീകരിക്കുന്നു. സപ്പിരിറ്റ് ഉൾക്കൊള്ളുന്നു. പ്രമേയം പാസ്സാക്കുന്നതിൽ എനിക്ക് പ്രതിഷേധമില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ ഭീമമായ തുകയൊക്കെ അടച്ചു തീർത്തതിനുശേഷം മാത്രമേ പതിച്ചു കൊടുക്കുകയുള്ളു എന്ന വ്യവസ്ഥയിൽ ഇളവു വരുത്തി പതിച്ചു കൊടുക്കുന്ന ഭൂമിയിൽ ചാർജ്ജാക്കിക്കൊണ്ട് പതിച്ചു കൊടുക്കൽ വേഗം നടത്താനെന്താണ് തടസ്സം?

ശ്രീ. ബേബി ജോൺ: എങ്കിൽപ്പിന്നെ അടുത്തതു റവന്യു റെക്കവറിയായിരിക്കും ഫലം. ഈ വ്യവസ്ഥയിലാണെങ്കിൽ പട്ടയം കിട്ടാനുള്ള വ്യഗ്രതകൊണ്ടെങ്കിലും കുറെ കൊടുക്കുമെന്നാണ് വിശ്വസിക്കുന്നത്. അതു കൂടി കൊടുക്കാതെ ഒഴിഞ്ഞു മാറുന്നവരുണ്ട്. ചിലർ ഇല്ലാത്തതു കൊണ്ടായിരിക്കും കൊടുക്കാത്തത്. എന്നുവെച്ച് എല്ലാം ഇളവു ചെയ്യണമെന്നാണോ പറയുന്നത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മാർക്കറിലെ വില കൊടുക്കണമെന്ന് താലൂക്ക് ആഫീസിൽനിന്ന് ആവശ്യപ്പെട്ട കേസ് എനിക്കറിയാം. തറവിലയും തടിവിലയും മാത്രമല്ല ഭൂമിക്കു മാർക്കറ് വില കൊടുക്കണമെന്നാണ് ആവശ്യപ്പെടുന്നത്. ഈ ഭൂമി വില കുറച്ചു കൊടുക്കുന്നതിനെന്താണ് തടസ്സം? അതിനു വല്ല നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. ബേബിജോൺ: സർ, പൂർണ്ണമായി വസ്തുതകളും മനസ്സിലാക്കാത്തതുകൊണ്ടാണ് ഇതു പറയുന്നത്. ലാൻഡ് അസൈൻമെൻറ് റൂൾസ് അനുസരിച്ച് 40 രൂപ എന്നുള്ളത് 200 ആയി വർദ്ധിച്ചിരിക്കുകയാണ്. ആ വിഭാഗത്തിൽ വരുന്ന ആരോടും 200 രൂപ തറവിലയും തടിവിലയും അല്ലാതെ ഒന്നും ചോദിക്കുന്നില്ല. ലാൻറ് അസൈൻമെൻറ് റൂൾസ് അനുസരിച്ച് അർഹതയില്ലാത്തവരുടെ കയ്യിലും ഭൂമിയുണ്ട്. അവരെയും ഒഴിപ്പിക്കാൻ ഒക്കുകയില്ല. ഒഴിപ്പിച്ചാൽ എല്ലാ ഭാഗത്തു നിന്നും പരാതി വരും. 1.1.1977 വരെ ഉള്ളവർക്ക് പതിച്ചു കൊടുക്കണമെന്നാണിപ്പോഴും പറയുന്നത്. ഇനി കുറേക്കൂടി കഴിയുമ്പോൾ 1980വരെ ഉള്ളവർക്കു പതിച്ചു കൊടുക്കണമെന്നു പറയും. അതെന്തുമാകട്ടെ; അതിന്റെ ന്യായാന്യായതകളിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല. അർഹതയില്ലാത്ത ആളുകളിൽ നിന്നും ഒഴിപ്പിക്കാൻ സാധിക്കാത്ത ഭൂമിയും ഗവൺമെൻറിന് അത്യാവശ്യമില്ലാത്ത ഭൂമിയും മാർക്കറ് വിലക്ക് പതിച്ചു കൊടുക്കണമെന്നാണ് നിർദ്ദേശം. അതിൽ തെറ്റുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: വലിയ സാമ്പത്തിക സ്ഥിതി യൊന്നുമില്ലാത്ത ഒരു സ്വർണ്ണത്തൊഴിലാളിയോട് മാർക്കറ്റ് വിലയ്ക്കല്ലാതെ ഭൂമി പതിച്ചു കൊടുക്കുകയില്ലെന്നു പറഞ്ഞു എന്ന ഒരു പരാതി കിട്ടി. അതുകൊണ്ടാണ് ചോദിച്ചത് എന്താണ് നിർദ്ദേശമെന്ന്?

ശ്രീ. ബേബി ജോൺ: സാമ്പത്തിക ശേഷി ഉണ്ടോ ഇല്ലയോഎന്നുള്ള തല്ല പ്രശ്നം. ലാൻറ് അസൈൻമെൻറ് റൂൾസിൽ വ്യവസ്ഥയുണ്ട്. അതിനുള്ളിൽ വരുന്നവരോട് വാങ്ങിക്കുകയില്ല. അതിനപ്പുറത്തുള്ള വരോട് വാങ്ങിക്കും.

ശ്രീ. ഇ. കെ. പിള്ള: ഒരു നിശ്ചിത തുകയ്ക്കു മുകളിലുള്ള വലിയ തുകകൾ ഇൻസ്റ്റാൾമെൻറ് ബേസിസിൽ അടയ്ക്കുന്നതിനും ഒരു ഇൻസ്റ്റാൾമെൻറ് അടച്ചാൽ പട്ടയം കൊടുക്കുന്നതിനും വ്യവസ്ഥ ചെയ്തുകൂടെ?

ശ്രീ. ബേബി ജോൺ: അതൊക്കെ ആലോചിക്കാവുന്നതാണ്. ഇപ്പോഴും അത് ചെയ്യുന്നുണ്ട്. ഭൂമി പതിച്ചു കൊടുക്കുന്ന അവസരത്തിൽ മുഴുവൻ തുകയും. ഉടൻ അടയ്ക്കാൻ സാധിക്കാത്തവർക്കു സാവകാശം കൊടുക്കുന്നുണ്ട്. പക്ഷേ അതൊരു പൊതുതത്വമായി അംഗീകരിക്കണ മെന്നുപറയുന്നതു ശരിയായിരിക്കുകയില്ല. അർഹതയുള്ള ആളുകൾ, അപേക്ഷിക്കുമ്പോൾകൊടുക്കുന്നുണ്ട്.

ശ്രീ ഇ. കെ. പിള്ള: തറവിലയും തടിവിലയും കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി എടുക്കുമോ?

ശ്രീ. ബേബി ജോൺ: ഒരേക്കറിന് 200 രൂപയാണ് തറവില. ഇനി അതിലും കുറയ്ക്കണമെന്നു പറഞ്ഞാൽ എങ്ങനെയാണ്? തടി, സീനി യറേജ് റേറിലാണ് കൊടുക്കുന്നത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഗവൺമെൻറു ഫോറസ്റ്റിലുള്ള ആദിവാസികൾക്കു പട്ടയം കൊടുക്കുന്നതിനെപ്പറ്റി എന്താണ് അഭിപ്രായം?

ശ്രീ. ബേബി ജോൺ: റിസർവ്വ് ഫോറസ്റ്റിലുള്ളവർക്ക് പട്ടയം കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. അതേ സമയത്ത് അവിടെ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്ക് സ്ഥിരമായി താമസിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കി കൊടുക്കണമെന്നും തൊഴിൽ കൊടുക്കണമെന്നുമാണ് അഭിപ്രായം. ഹരിജന ങ്ങളെയും ഗിരിവർഗ്ഗക്കാരേയും പറ്റി പറഞ്ഞു പറഞ്ഞ് ഗിരിവർഗ്ഗ ക്കാരെ അങ്ങ് ഉള്ളിലോട്ട് ഒതുക്കിയിട്ടുണ്ട്. അവരെ അവിടെ എങ്കിലും നിലനിറുത്തി സംരക്ഷണം നൽകാനാണ് ഉദ്ദേശിക്കുന്നത്.

The amendment moved by Shri E. K. Pillai was by leave withdrawn.

The amendment moved by Shri N. Bhaskaran Nair was by leave withdrawn.

The amendment moved by Shri V.J.Joseph was by leave withdrawn.

The amendment moved by Shri P.P.Esthose was by leave withdrawn.

The amendment moved by Shri K. Raghavan master was by leave withdrawn.

The resolution was put and carried.

The resolution was unanimously adopted.

LIBRARY ARCHIVES Kerala Legislative Assembly